# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2021 നവംബർ 9

# വാർത്താക്കുറിപ്പ്

## സ്പോട് അഡ്മിഷൻ ഇന്ന് (നവമ്പർ 10)

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടെ നടത്തുന്ന എം.എ.എസ്.ഡബ്ല്യു.ഡി.എസ്. (എം.എ. സോഷ്യൽ വർക്ക് ഇൻ ഡിസെബിലിറ്റി സ്റ്റഡീസ് ആന്റ് ആക്ഷൻ) എന്ന കോഴ്സിൻ്റെ 2021-22 ബാച്ചിൽ പൊതുവിഭാഗത്തിൽ രണ്ട് സീറ്റൊഴിവുണ്ട്. മഹാത്മാഗാന്ധി സർവകലാശാല അംഗീകരിച്ച ബിരുദമാണ് അടിസ്ഥാന യോഗ്യത. താല്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി ഇന്ന് (നവംബർ 10 ) രാവിലെ 10.30ന് പഠനവകുപ്പിൽ എത്തണം. ഫോൺ: 0481-2731034.

(പി.ആർ.ഒ/39/1287/2021)

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സിൽ എം.എ. മലയാളം (2021-23) പ്രോഗ്രാമിൽ പ്രവേശനത്തിന് എസ്.സി. വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. താല്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുമായി നവംബർ 11ന് രാവിലെ 11.30ന് പഠനവകുപ്പിൽ നടക്കുന്ന സ്പോട് അഡ്മിഷന് നേരിട്ട് ഹാജരാകണം.

(പി.ആർ.ഒ/39/1288/2021)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാലയുടെ ഇന്റർ സ്കൂൾ സെന്ററായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസ് ടെക്നോളജി നടത്തുന്ന എം.എസ് സി. ബോട്ടണി ആന്റ് പ്ലാന്റ് സയൻസ് ടെക്നോളജിയുടെ 2021 ബാച്ചിൽ എസ്.ടി. വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. വിശദവിവരത്തിന് ഫോൺ: 9497664697.

(പി.ആർ.ഒ/39/1289/2021)

## എം.എ. സിറിയക്

മഹാത്മാഗാന്ധി സർവകലാശാലക്ക് കീഴിലുള്ള സെന്റ് എഫ്രേം എക്യുമെനിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (എസ്.ഇ.ഇ.ആർ.ഐ.) നടത്തുന്ന എം.എ. സിറിയക് പ്രോഗ്രാമിൽ പ്രവേശനത്തിന് ഇപ്പോൾ അപേക്ഷിക്കാം. ഇതിലേക്കുള്ള അപേക്ഷ നവംബർ 15 വരെ ഇൻസ്റ്റിറ്റ്യൂട്ടിൽ സ്വീകരിക്കും. അപേക്ഷാഫോറം അവസാന തീയതിവരെ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് നേരിട്ട് വാങ്ങാം. ആകെ 20 പേർക്കാണ് പ്രവേശനം. നവംബർ 22നാണ് പ്രവേശനം. ക്ലാസുകൾ നവംബർ 25ന് ആർംഭിക്കും. ആർട്സ്, സയൻസ്, ഹ്യുമാനിറ്റീസ്, സോഷ്യൽ സയൻസ്, ടെക്നോളജി, റിലീജിയസ് സ്റ്റഡീസ് എന്നിവയിൽ ഏതെങ്കിലും അംഗീകൃത ബിരുദമുള്ളവർക്ക് അപേക്ഷിക്കാം. ഏതെങ്കിലും വിഷയത്തിൽ ബിരുദാനന്തര ബിരുദമുള്ളവരെയും പരിഗണിക്കും. സിറിയക് സെക്കന്റ് ലാംഗ്വേജായി ബിരുദമെടുത്തിട്ടുള്ളവർക്ക് മുൻഗണനയുണ്ടായിരിക്കും. അർഹരായ വിദ്യാർഥികൾക്ക് സംവരണാനുകൂല്യം ലഭിക്കും.

(പി.ആർ.ഒ/39/1290/2021)

## ഗവേഷണ രീതിശാസ്ത്ര പ്രഭാഷണങ്ങൾ 19 മുതൽ

മഹാത്മാഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് ഗവേഷണ രീതിശാസ്ത്രത്തെക്കുറിച്ച് വെബ് പ്രഭാഷണങ്ങൾ സംഘടിപ്പിക്കുന്നു. നവംബർ 19ന് ആരംഭിക്കുന്ന പ്രഭാഷണങ്ങൾ വിവിധ സാമൂഹിക ശാസ്ത്ര വിഷയങ്ങളിലെ ഗവേഷണങ്ങളെ മുൻനിർത്തിയുള്ള തായിരിക്കും. കേരളത്തിലെ എല്ലാ സർവകലാശാലകളിലെയും സാമൂഹികശാസ്ത്ര ഗവേഷകർക്ക് അപേക്ഷിക്കാം. പങ്കെടുക്കുന്ന ഗവേഷകർക്ക് സർട്ടിഫിക്കറ്റ് നൽകും. താല്പര്യമുള്ളവർ നവംബർ 15നകം iucssre@gmail.com എന്ന ഇമെയിലിൽ രജിസ്റ്റർ ചെയ്യണം.

(പി.ആർ.ഒ/39/1291/2021)